# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൊറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെഎസ്എ/എംപിഎം22/544/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൊറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/എംപിഎം22/544/2021 തീയ്യതി: 23/03/2021

## മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 25-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ) | 26-02-2021 | 06-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-02-2021 | 06-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുള്ള എ സി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ദിനേശൻ എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി സൽമത്ത് ടി പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ നൗഷാദ് എ കെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി സക്കീന കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.എം സലീം മാസ്റ്റർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഗോപാലകൃഷ്ണൻ. കെ | സെക്രട്ടറി | 01-04-2019 | 28-06-2019 |
| അനിത.കെ.കെ | സെക്രട്ടറി ഇൻ ചാർജ് | 29-06-2019 | 11-07-2019 |
| എം.മജീദ് | സെക്രട്ടറി | 12-07-2019 | 31-03-2020 |
| ശ്രീമതി. സുസ്മിത ജോസ് | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| രാജേഷ്.എ.കെ | അസി.സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീ. ഷെബിൻ ടി.പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. വിനു എം നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സയ്യിദ് നസീറുല്ല | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ആയിഷ ഹുസ്ന നാനാക്കല്ല് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി. ആസ്യ വാക്കയിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. മീനാക്ഷി ടി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രജീഷ് പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. അബ്ദു വിലങ്ങപ്പുറം | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. റിസ്വാന പുലിക്കുത്ത് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 27-07-2019 |

| | | | |
|---|---|---|---|
| ശ്രീമതി.ദേവി.ഇ | അസിസ്റ്റന്റ് എഞ്ചിനിയർ | 28-07-2019 | 05-09-2019 |
| ശ്രീമതി. വിമല ഇ | അസിസ്റ്റന്റ് എഞ്ചിനിയർ | 06-09-2019 | 09-10-2019 |
| ശ്രീമതി. ശാന്തി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 10-10-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohammed Noushad A K (Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Mohammed Noushad A K (Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Mohammed Noushad A K (Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: A.C.Abdulla (Audit Officer, On 13-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Selmath.T.P (Asst. Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Dinesan (Audit Officer, On 17-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 20-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: A.C.Abdulla (Audit Officer, On 13-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Mohammed Noushad A K (Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 13-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-9 |
| 10 | ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല<br>Written By: A.C.Abdulla (Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 20-03-2021) | 1-10 |
| 11 | തൊഴിൽ നികുതി - ഈടാക്കിയില്ല.<br>Written By: Sakeena K (Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-11 |
| 12 | ചെലവു വിവരങ്ങൾ ലഭ്യമല്ല<br>Written By: Selmath.T.P (Asst. Audit Officer, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-12 |
| 13 | കുടിവെള്ള പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് - വിനിയോഗ സാക്ഷ്യപത്രവും മറ്റ് രേഖകളും ലഭ്യമാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-13 |
| 14 | കുടിവെള്ള പദ്ധതിക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് - വിനിയോഗ സാക്ഷ്യപത്രവും മറ്റ് രേഖകളും ലഭ്യമാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-14 |
| 15 | ക്വട്ടേഷൻ ക്ഷണിക്കാതെ സേവനങ്ങൾ വാങ്ങിയത് - പ്രൊക്യുർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം.<br>Written By: M Dinesan (Audit Officer, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-15 |
| 16 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ | 1-16 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല. 6435 രൂപ നഷ്ടം<br>Written By: M Dinesan (Audit Officer, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | |
| 17 | പ്രൊജക്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി<br>Written By: Selmath.T.P (Asst. Audit Officer, On 17-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 1-17 |
| **ഭാഗം 2** | | |
| 1 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല. 6435 രൂപ നഷ്ടം.<br>Written By: M Dinesan (Audit Officer, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 16-03-2021)<br>Last Updated By: Sakeena K (Auditor, On 16-03-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 15-03-2021)<br>Last Updated By: Sakeena K (Auditor, On 17-03-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 09-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sakeena K (Auditor, On 09-03-2021)<br>Last Updated By: Sakeena K (Auditor, On 09-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sakeena K (Auditor, On 09-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sakeena K (Auditor, On 09-03-2021)<br>Last Updated By: Sakeena K (Auditor, On 17-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Mohammed Noushad A K (Auditor, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sakeena K (Auditor, On 09-03-2021)<br>Last Updated By: Sakeena K (Auditor, On 09-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sakeena K (Auditor, On 09-03-2021)<br>Last Updated By: Sakeena K (Auditor, On 09-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Mohammed Noushad A K (Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 22-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. 14.02.2019 ലെ 2 ാം നമ്പർ തീരുമാനപ്രകാരം 2019-20 ലെ ബജറ്റ് ഭരണസമിതി അംഗീകരിക്കുകയും 29.01.2020ലെ 1ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയിട്ടുമുണ്ട്.

### യാഥാർത്ഥ്യ ബോധ്യമില്ലാത്ത ബജറ്റ്

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജററ് പ്രകാരം മുൻബാക്കിയുൾപ്പെടെ 12.94 കോടി രൂപയുടെ വരവും 12.92 കോടി രൂപയുടെ ചെലവുമാണ്. എന്നാൽ മുൻബാക്കിയുൾപ്പെടെ യഥാർത്ഥ വരവ് 8.74 കോടി രൂപയും ചെലവ് 5.17 കോടി രൂപയും മാത്രമാണ്. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കുന്ന പുതുക്കിയ ബജററ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി ചേർന്നു നിൽക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 18.05.2020 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടെത്തി.

1-പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 വർഷത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ

താഴെ പറയുന്ന ചെക്കുകൾ വരവായി രസീത് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 091847/18-05-14 | 3147 | മൊറയൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 2 | 117501/04-07-17 | 600 | |
| 3 | 110001/21.11.15 | 4500 | |
| 4 | 113702/07.10.16 | 1000 | |
| 5 | 093080/18.05.12 | 6483 | |
| 6 | 121923/02.03.18 | 1227 | |

2- നിർവ്വഹണ ഉദ്യോഗസ്ഥർ TR 7A കാഷ്ബുക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ഫണ്ടിന്റെ വരവ്ചെലവ് രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തുന്നില്ല.

4. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | തൻവർഷം | 5228481 | 5267810 | 39329 |
| | കുടിശ്ശിക | 0 | 163614 | 163614 |
| കളക്ഷൻ | തൻവർഷം | 4616050 | 4633896 | 17846 |
| | കുടിശ്ശിക | 139475 | 139475 | 0 |
| ബാലൻസ് | തൻവർഷം | 599905 | 611372 | 11467 |
| | | | | |

| | കുടിശ്ശിക | 3372 | 24148 | 20776 |
|---|---|---|---|---|

5. വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ Contractors EMD, Suppliers EMD എന്നിവ മുൻവർഷ നീക്കിയിരിപ്പ്,തൻവർഷ വരവ്, തൻവർഷ ചെലവ് എന്നിവ പ്രകാരം തൻവർഷ നീക്കിയിരിപ്പ് വാർഷിക കണക്കിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഇവ രജിസ്റ്ററിലെ വിവരങ്ങളുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. Bidders EMD വാർഷിക കണക്കിൽ 6000 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് ഇല്ല. എന്നാൽ നീക്കിയിരിപ്പ് 1000 രൂപയുമാണ്.

| ഇനം | മുൻ ബാക്കി | | തൻവർഷ വരവ് | | തൻവർഷ ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|---|---|
| | രജിസ്റ്റർ പ്രകാരം | A.F.S പ്രകാരം (2018-19, B7) | രജിസ്റ്റർ പ്രകാരം | A.F.S പ്രകാരം | രജിസ്റ്റർ പ്രകാരം | A.F.S പ്രകാരം | രജിസ്റ്റർ പ്രകാരം | A.F.S പ്രകാരം |
| Contractors EMD | 204480 | 204480 | 5200 | 11600 | 0 | 6400 | 209680 | 209680 |
| Suppliers EMD | 0 | 30000 | 39900 | 6400 | 4000 | 500 | 35900 | 35900 |
| Bidders EMD | 0 | 0 | 12400 | 6000 | 11400 | 0 | 1000 | 1000 |

6. എസ്.എസ്.എ ഇനത്തിൽ രേഖപ്പെടുത്തിയ ബാധ്യത നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

7. B4 ഷെഡ്യൂളിൽ ടി.എസ്.സി ഇനത്തിലെ തുകയും B 17ഷെഡ്യൂളിൽ ഈയിനത്തിലെ ബാങ്ക് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ബാലൻസ് ഷീറ്റിലെ B-15ൽ 'State Govt.Cesses/Levies In Property Taxes' എന്ന ഹെഡിലെ തുകയും, (വസ്തുനികുതി കുടിശ്ശികയും തൻവർഷ കുടിശ്ശികയും ചേർന്ന തുക)X5/105 പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. വാർഷിക ധനകാര്യ പത്രികയുടെ കൂടെ ഷെഡ്യൂൾ B1-പഞ്ചായത്ത് ഫണ്ട്-Landscape Statement, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ/അനുപാതങ്ങൾ എന്നിവ സമർപ്പിച്ചിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/05.03.21ന് ലഭ്യമാക്കിയ മറുപടിയിൽ ചില അപാകതകൾ പരിഹരിച്ച് അറിയിക്കുകയും ക്രമ നമ്പർ 5 അപാകത രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ചെയ്ത് പരിഹരിക്കുകയും ക്രമ നമ്പർ 6,7 അപാകതകൾ, സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ട് ആധാർ നമ്പറുമായി ബന്ധിപ്പിച്ചതിൽ ഗാർഹിക ഗ്യാസ് കണക്ഷൻ സബിസിഡി തുക ലഭ്യമായതിനാലുണ്ടായ അപാകതയാണെന്നും ആയതും മറ്റ് അപാകതകളും പരിഹരിക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

10. ലോൺ രജിസ്റ്റർ പ്രകാരം വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32610636 |
| ഓഡിറ്റ് വർഷത്തെ വരവ് | 54886972 |
| ആകെ | 87497608 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51787358 |
| നീക്കിയിരിപ്പ് | 35710250 |
| വരവിനങ്ങളിലുള്ള നഷ്ടം | 6435 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1471800 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് തുക | ആകെതുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 13734693 | 13734693 | 11722314 | 2012379 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5868059 | 5868059 | 3856414 | 2011645 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 101000 | 101000 | 0 | 101000 |
| മെയിന്റനൻസ്, റോഡ് | | 0 | 9070000 | 9070000 | 3390127 | 5679873 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4220000 | 4220000 | 3480468 | 739532 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 10860677 | 10860677 | 3328916 | 7531761 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9992160 | 9992160 | 9992160 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 496136 | 496136 | 135195 | 360941 |
| SSA | | 157824 | 6480 | 158019 | 0 | 158019 |
| TSC | | 2089816 | 82331 | 2172147 | 802747 | 2171842* |
| ICDS | | 844380 | 1779271 | 2623351 | 1497464 | 829127** |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 414 | 150000 | 150414 | 150000 | 414 |
| | ജില്ലാപഞ്ചായത്ത് | 409 | 300000 | 300409 | 300000 | 409 |
| ബി ഫണ്ട് | | 0 | 20197920 | 20197920 | 20197920 | 0 |
| ജലനിധി | | 9443 | 813018 | 822461 | 813018 | 9443 |

കുറിപ്പ്:

*2018-19 വർഷത്തിൽ മൊറയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ആധാർ ബാങ്ക് അക്കൌണ്ടുമായി ലിങ്ക് ചെയ്തതിനാൽ അദ്ദേഹത്തിന്റെ ഗാർഹിക ഗ്യാസ് സബ്സിഡി തുക 305/-രൂപ ടി വർഷവും 205/-രൂപ 2019-20 വർഷത്തിലും ഗ്രാമ പഞ്ചായത്തിന്റെ ടി.എസ്.സി അക്കൌണ്ടിലേക്ക് വന്നിട്ടുണ്ട്.ആകെ 510/-രൂപ.2019-20 ൽ തിരികെ നൽകിയതിലുള്ള 305/-രൂപയുടെ വ്യത്യാസമാണ് RP 40bയിൽ വന്നിട്ടുള്ളത്.ടി.എസ്.സി പദ്ധതിയുടെ ചെലവു തുക 802747/-രൂപ തനത് ഫണ്ട് അക്കൌണ്ടിൽ നിന്നാണ് ചെലവു ചെയ്തിരുന്നത്.ആയത് റീക്കൂപ്പ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**ഐ.സി.ഡി.എസ് ഫണ്ട് ചെലവ് പ്രകാരം (പ്രൊജക്ട് നം.9/20)ആകെ ചെലവ് 1497464/-രൂപയാണ്.ആയത്പ്രകാരം നീക്കിയിരുപ്പ് 1126187/-രൂപയാണ്.ആയത് അഡ്ജസ്റ്റ്മെന്റ് ജേണൽ മുഖേനയാണ് സാംഖ്യ സോഫ്റ്റ് വെയറിൽ വരുന്നത്.ചെക്ക് നം.560984(31.03.2020)പ്രകാരം ചെലവഴിച്ച 144512/-രൂപ ക്ലറിക്കൽ പിശക് മൂലം രണ്ട് തവണ ജേണൽ ചെയ്തിട്ടുണ്ട്.കൂടാതെ പ്രസ്തുത പ്രൊജക്ടിന്റെ തനത് ഫണ്ട് വിഹിതമായ 152448/-രൂപ തെറ്റായി ജേണൽ ചെയ്തതിനാലാണ് ഐ.സി.ഡി.എസ് ഫണ്ട് ചെലവായി കാണപ്പെടുന്നത്.മേൽ സംഖ്യകളുടെ തുകയായ 297000/-രൂപയുടെ വ്യത്യാസം മൂലമാണ് ബാലൻസ്ഷീറ്റ് ബി4 പ്രകാരമുള്ള ബാലൻസ്

829187/-രൂപയായി കാണപ്പെടുന്നത്

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 7,21,51,068 | 109 | 3,63,70,518 | 0 | 96 | 53.17 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 0 | 496136 | 496136 | 135195 | 360941 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9992160 | 9992160 | 9992160 | 0 |
| ആകെ | 0 | 10488296 | 10488296 | 10127355 | 360941 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 403320 | 148 |
| കർഷകതൊഴിലാളി പെൻഷൻ | 1921200 | 409 |
| വിധവാ പെൻഷൻ | 7275000 | 1254 |
| വാർദ്ധക്യകാല പെൻഷൻ | 7783800 | 1289 |
| വികലാംഗ പെൻഷൻ | 2445000 | 413 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 111600 | 11 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 32653/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ എല്ലാ വിവരവും ചേർത്ത് എഴുതി സൂക്ഷിച്ചിട്ടില്ല.
2. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
3. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രകാരം വിതരണം ചെയ്യുന്ന തപാലുകൾ തിയതി രേഖപ്പെടുത്താതെയാണ് സെക്ഷൻ കൈപ്പറ്റുന്നത്.

## 1-10 ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളും മറ്റും പരിശോധിച്ചതിൽ ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചതായോ ബാങ്ക് അക്കൗണ്ട് തുടങ്ങിയതായോ കാണുന്നില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കാത്തതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നല്ലാതെ മറ്റൊരു ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഇല്ല.

## 1-11 തൊഴിൽ നികുതി - ഈടാക്കിയില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ ,തൊഴിലിലോ,കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ ആയ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

1)2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഇനത്തിലുള്ള വരവ് പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | നിയോവിറ്റ ന്യൂട്രിമിക്സ്,മൊറയൂർ | 9 | 1 |
| 2 | ഹോട്ടൽ സുൽത്താൻ പാലസ്,മൊറയൂർ. | 12 | 1 |
| 3 | ഉമ്മുൽ ഖുറാ ഹയർ സെക്കണ്ടറി സ്കൂൾ | ലഭ്യമല്ല. | 1,2 |
| 4 | ലിറ്റിൽ ഇന്ത്യ പബ്ളിക് സ്കൂൾ മൊറയൂർ | ലഭ്യമല്ല. | 1,2 |

2)2019-20 വർഷത്തിലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 37 | സുമയ്യാ സോ മിൽ,മോങ്ങം | 3 |
| 2 | 195 | ഹൈവെ മാർക്ക് ഹോട്ടൽ,മൊറയൂർ | 3 |
| 3 | 172 | എം.എം പോളിമേർസ്,അരിമ്പ്ര | 4 |
| 4 | 171 | റെയോക്സ് അപ്പാരൽസ്,വാലഞ്ചേരി,മൊറയൂർ. | 3 |
| 5 | 254 | പത്മ ജ്വല്ലറി,മൊറയൂർ | 2 |
| 6 | 125 | ബ്ലൂബെറി ബേകേസ്,മൊറയൂർ. | 7 |
| 7 | 58 | ബിൽഡ് ഇന്ത്യ,മോങ്ങം | 2 |
| 8 | 23 | ജാഫർ ഗോൾഡ് വർക്ക്,മോങ്ങം. | 4 |
| | | | |

| | | | |
|---|---|---|---|
| 9 | 94 | ഗ്ലോബൽ ഗോൾഡ് വർക്ക്,മോങ്ങം. | 2 |
| 10 | ലഭ്യമല്ല. | എ.എം മോട്ടോർസ്,മൊറയൂർ. | 9(D&O ലൈസൻസ് അപേക്ഷ പ്രകാരം ആകെ ജീവനക്കാരുടെ എണ്ണം-25, 16പേർ നികുതി ഒടുക്കിയിട്ടുണ്ട്) |
| 11 | ലഭ്യമല്ല. | അൽ അമീൻ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്,മൊറയൂർ. | 3 |
| 12 | 240 | നട്ട്മെഗ് ബിരിയാണി ദർബാർ,മൊറയൂർ. | 3 |
| 13 | ലഭ്യമല്ല. | റോയൽ മാർക്കറ്റിംഗ്,വാലഞ്ചേരി. | 4 |
| 14 | 137 | ഐശ്വര്യ വുഡ് വർക്ക് മൊറയൂർ | 2 |
| 15 | 123 | പി.പി ഓൾഡ് സ്റ്റീൽ,മൊറയൂർ | 2 |
| 16 | 168 | കെ.സി ഫുഡ് പ്രൊഡക്ട് ഒഴുകൂർ | 4 |
| 17 | 136 | എം.എം ഹെൽപ്പ് ലൈൻ,ഓൺലൈൻ&ഓഫ് ലൈൻ സർവ്വീസ്,മൊറയൂർ. | 2 |
| 18 | 147 | നിയചപ്പൽസ്, മൊറയൂർ | 3 |
| 19 | 154 | ഭാരത് ബ്രെഡ്,മോങ്ങം | 4 |
| 20 | 244 | റോയൽ ട്രൈഡേർസ്,മോങ്ങം. | 2 |

അപാകത 1,2 സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/19-20 തീയ്യതി 5-3-21 )മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 ചെലവു വിവരങ്ങൾ ലഭ്യമല്ല

2019-20 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ "പശ്ചിമ ഘട്ട വികസന പദ്ധതി" എന്ന പ്രൊജക്ട് പ്രകാരം ( No.65/20) തൻ വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|
| 16/12-2-20 | 1,75,000 | GO(MS)No. 43/02/Planning, തീ: 22-10-02പ്രകാരം ഏറ്റെടുക്കുന്നപ്രൊജക്ടുകൾക്ക് വിഹിതം നൽകൽ |
| 17/12-2-20 | 2,30,000 | |
| ആകെ = | 4,05,000 | |

ടി തുക കൃഷി ഓഫീസറുടെയും പഞ്ചായത്ത് പ്രസിഡണ്ടിന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്(Sub Treasury, കൊണ്ടോട്ടി). ബന്ധപ്പെട്ട ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ 26-10-16 ന് 20,33,201 രൂപ ടി അക്കൗണ്ടിൽ ബാലൻസ് ഉള്ളതായി കാണുന്നു. തുടർന്നുള്ള വിവരങ്ങൾ പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള തുകയുടെ(4,05,000) ചെലവുവിവരങ്ങൾ

പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് 12/09-03-21 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ, ബന്ധപ്പെട്ട ബാങ്ക്

അക്കൗണ്ടിലെ 31-03-20തീയതിയിലെ നീക്കിയിരിപ്പിന്റെ വിശദ വിവരങ്ങളും ഹാജരാക്കേണ്ടതാണ്.
രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-13 കുടിവെള്ള പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് - വിനിയോഗ സാക്ഷ്യപത്രവും മറ്റ് രേഖകളും ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ ഭൂജല വകുപ്പിൽ തുകകൾ ഡെപ്പോസിറ്റ് ചെയതിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം |
|---|---|
| 1 | പ്രൊജക്ട് - 149/20 (256/19) പഞ്ചായത്ത് ആയുർവ്വേദ ആശുപത്രിയിൽ കുടിവെള്ള സൗകര്യം.<br>അടങ്കൽ - 175160 MG (NR)<br>TS.No. ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല<br>ചെലവ് - 135000 രൂപ ,ബിൽ നമ്പർ 05/04.5.19<br>കരാർ നം - ചമച്ചിട്ടില്ല. |
| 2 | പ്രൊജക്ട് - 155/20 (124/19) വിവിധ കുഴൽകിണറുകളുടെ നിർമ്മാണം.<br>അടങ്കൽ - 529760 , CFC<br>TS.No.ഭൂജല വകുപ്പിന്റെ നം.ജി.എം.579/19 തീ.27.3.19<br>എസ്റ്റിമേറ്റ് . 11 കുഴൽ കിണറുകൾ കുഴിക്കുന്നതിനുള്ളത്. ആകെ 546480 രൂപ.<br>ചെലവ് - 496800 രൂപ ,ബിൽ നമ്പർ 13/20.6.19<br>കരാർ നം - ചമച്ചിട്ടില്ല. |

മേൽ പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഓഡിറ്റ് എൻക്വയറി നം.2/04.03.21 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

1. പ്രൊജക്ടുകൾ പൂർത്തീകരിച്ചതിന്റെ വിവരം, ധന വിനിയോഗ സാക്ഷ്യപത്രം, പൊജക്ടുകൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ഭൂജല വകുപ്പുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ട കരാർ ഹാജരാക്കിയിട്ടില്ല.

3.ക്രമ നമ്പർ 2 പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ എൻക്വയറിക്ക് 06.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഭൂജല വകുപ്പിൽ നിന്നും വിവരം ലഭ്യമാക്കി അറിയിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽ പ്രൊജക്ടുകൾക്കായി ആകെ ചെലവ് തുക 631800.00 രൂപ (135000 + 496800) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 കുടിവെള്ള പദ്ധതിക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് - വിനിയോഗ സാക്ഷ്യപത്രവും മറ്റ് രേഖകളും ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ ഭൂജല വകുപ്പിൽ തുകകൾ ഡെപ്പോസിറ്റ് ചെയതിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം |
|---|---|
| 1 | പ്രൊജക്ട് - 163/20 (206/19), എസ്.സി നഴ്സറിക്ക് മോട്ടോർ സ്ഥാപിക്കൽ<br>അടങ്കൽ - 200000 പ്ലാൻ (SCP)TS.No.ഭൂജല വകുപ്പിന്റെ<br>നം.ജി.എം644/19 തീ.27.3.19 എസ്റ്റിമേറ്റ്. 50000 രൂപ<br>ചെലവ് - 50000 രൂപ ,ബിൽ നമ്പർ 06/04.5.19 |

| | |
|---|---|
| | കരാർ നം - ചമച്ചിട്ടില്ല. |

മേൽ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഓഡിറ്റ് എൻക്വയറി നം.2/04.03.21 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

1. പ്രൊജക്ടുകൾ പൂർത്തീകരിച്ചതിന്റെ വിവരം, ധന വിനിയോഗ സാക്ഷ്യപത്രം, പൊജക്ടുകൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ഭൂജല വകുപ്പുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ട കരാർ ഹാജരാക്കിയിട്ടില്ല.

മേൽ എൻക്വയറിക്ക് 06.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഭൂജല വകുപ്പിൽ നിന്നും വിവരം ലഭ്യമാക്കി അറിയിക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രൊജക്ടിനായി ആകെ ചെലവ് ചെയ്ത തുക 50000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## <u>1-15 ക്വട്ടേഷൻ ക്ഷണിക്കാതെ സേവനങ്ങൾ വാങ്ങിയത് - പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം.</u>

പ്രൊജക്ട് - 165/20, പകർച്ച വ്യാധി നിയന്ത്രണം

അടങ്കൽ - 87000 (പ്ലാൻ)

ചെലവ് - 87000 രൂപ ,ബിൽ നമ്പർ 03/16.07.2019

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (PHC)

ഈ പ്രൊജക്ട് പ്രകാരം ചെലവ് ചെയ്ത തുകയുടെ വിശദ വിവരം താഴെ പറയുന്നു.

| ക്രമ നമ്പർ | ചെലവ് ഇനം | തുക (രൂപ) | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | വാഹന വാടക | 27000 | വിവിധ സബ് വൗച്ചറുകൾ പ്രകാരം നൽകിയത്. |
| 2 | പ്രിന്റിംഗ് ചാർജ് | 30000 | സൂര്യ പ്രിന്റേഴ്സ് ചട്ടിപ്പറമ്പയുടെ ബിൽ നം.1569/10.8.19 (7600 രൂപ), 1547/28.6.18 (7400 രൂപ), 1548/40.6.18 (7600 രൂപ), 1568/20.7.18 (7400 രൂപ) എന്നിവ പ്രകാരം നൽകിയത്. |
| 3 | മൈക്ക് അനൗൺസ് മെന്റ് | 30000 | MPH ലൈറ്റ് ആന്റ് സൗണ്ട്സ് മോങ്ങത്തിന്റെ 501/10.5.18 (7500രൂപ),502/11.7.18 (7500രൂപ), 504/3.12.18 (7500രൂപ), 503/20.12.18 (7500രൂപ) എന്നീ ബില്ലുകൾ പ്രകാരം അനുവദിച്ചത്. |
| ആകെ | | 87000 | |

ജി.ഒ(പി)259/2010/തസ്വഭവ തീയ്യതി.08.11.2010 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ 5000.00 രൂപക്ക് മുകളിൽ 49999.00 രൂപ വരെ വിലയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത് ക്വട്ടേഷൻ മുഖേനെയാണ്. എന്നാൽ ഈ പ്രൊജക്ടിലെ മേൽ ക്രമ നമ്പർ 2,3 സേവനങ്ങൾ സമാഹരിച്ചപ്പോൾ ഈ നിബന്ധന പാലിച്ചിട്ടില്ല. അപാകതയുടെ വെളിച്ചത്തിൽ ക്രമ നമ്പർ 2,3 സേവനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക 60000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## <u>1-16 കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല. 6435 രൂപ നഷ്ടം</u>

2012 ലെ PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം, സെലക്ഷൻ മെമ്മോ കൈപ്പറ്റുന്ന തീയ്യതി മുതൽ 14 ദിവസം വരെ പിഴ കൂടാതെയും (മെമ്മോ തപാൽ മുഖേന അയക്കുന്ന അവസരത്തിൽ അത് പോസ്റ്റ് ചെയ്ത തീയ്യതി കൈപ്പറ്റ് തീയ്യതിയായി കണക്കാക്കും), തുടർന്ന് 10 ദിവസം വരെ PAC യുടെ 1% പിഴ ഈടാക്കിയും മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരെ അനുവദിക്കാവുന്നതാണ്. ഈ കാലപരിധിക്കുള്ളിൽ കരാർ ഒപ്പുവെച്ചില്ലെങ്കിൽ അത്തരം കരാറുകാരുടെ EMD മുതൽ കൂട്ടേണ്ടതും, പ്രൊജക്ട് നിർവ്വഹണത്തിന് മറ്റ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ കരാർ ഒപ്പുവച്ചപ്പോൾ ഈ നിബന്ധന പാലിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ വിവരം | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | 188/20 (166/19) GMLPS മൊറയൂർ മൂത്രപ്പുര നിർമ്മാണം<br>ചെലവ് - 183018 (ബിൽ നമ്പർ 29/15.01.2020) | 1989 |
| 2 | 185/20 (154/19) GLPS വാലഞ്ചേരി മൂത്രപ്പുര നിർമ്മാണം<br>ചെലവ്- 35842 (ബിൽ നമ്പർ 30/20.01.2020)<br>47000 (ബിൽ നമ്പർ 31/20.01.2020) | 1949 |
| 3 | 158/20 (43/19) കീഴ്ശേരി പൂന്തലപ്പറമ്പ റോഡ്<br>ചെലവ് - 249729 (ബിൽ നമ്പർ 11/19.06.2019) | 2497 |
| ആകെ | | 6435. |

അപാകത മൂലം ഈടാക്കാൻ അവശേഷിച്ച 6435 രൂപയുടെ ബാധ്യത പിഴ ഈടാക്കാതെ കരാർ ചമച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. വിശദമായ വിവരങ്ങൾ ഈ റിപ്പോർട്ടിലെ 2-1 ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.

## 1-17 പ്രൊജക്റ്റിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി

വി.ഇ.ഒ. നിർവ്വഹണം നടത്തിയ " വീട് വാസയോഗ്യമാക്കൽ (എസ്.സി)" , "വീട് വാസയോഗ്യമാക്കൽ (ജനറൽ )"എന്നീ പ്രൊജക്റ്റുകൾ പ്രകാരം (Pr. No. 17/20, 8/20) 2019-20 വർഷത്തിൽ യഥാക്രമം 7,78,000 രൂപയും 1,75,000രൂപയും ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് 8 വർഷം കഴിഞ്ഞിട്ടും വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കി നൽകുന്നതിനാണ് പ്രൊജക്റ്റുകളിൽ ലക്ഷ്യമിട്ടിരുന്നത്. ആയതിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ 8 വർഷത്തിൽ താഴെ പഴക്കമുള്ള വീടുകൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

വീട് വാസയോഗ്യമാക്കൽ (എസ്.സി)

| ഗുണഭോക്താവ് | കെട്ടിടം, വാർഡ്/ നമ്പർ | തുക | കാലപ്പഴക്കം(വർഷം) | ട്രഷറി ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ദാമോദരൻ മഞ്ഞളാംകുന്ന് | I/426 B | 25,000 | 5 | 17/11-2-20 |
| | | 25,000 | | 21/16-3-20 |
| ഇന്ദിര, W/Oബാലകൃഷ്ണൻ, | XV/116 | 25,000 | 7 | 3/11-11-19 |
| | | 25,000 | | 11/7-1-20 |
| ശിവദാസൻ നരിക്കോടൻ പൂവത്തിൻചോല, അരിമ്പ്ര, | XI/310 A | 25,000 | 5 | 14/30-1-20 |
| | | 25,000 | | 2/1-10-19 |

വീട് വാസയോഗ്യമാക്കൽ (ജനറൽ )

| ഗുണഭോക്താവ് | കെട്ടിടം, വാർഡ്/ നമ്പർ | തുക | കാലപ്പഴക്കം (വർഷം) | ട്രഷറി ബിൽ നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| രാഘവൻ പള്ളിയാളിത്തൊടി | XIV/55 | 25,000 | 4 | 8/5-12-19 |
| അബ്ദുറസാഖ് പി | XVI/244 | 25,000 | 7 | 8/5-12-19 |
| ജംഷീറ പി, അറ്റാശ്ശേരി, എടപ്പറമ്പ് | XVI/240 A | 25,000 | 2 | 12/7-1-20 |
| ജമീല W/0 ഷാഹുൽ ഹമീദ്, എടപ്പറ്റ, മോങ്ങം | V/102 | 25,000 | 7 | 12/7-1-20 |
| സൈതലവി, S/O മമ്മദ്, ആല്യങ്ങൽകുണ്ട് | XII/43 | 25,000 | 7 | 12/7-1-20 |
| മുഹമ്മദ് എ.പി, അരിമ്പ്ര | VIII/601 A | 25,000 | 7 | 12/7-1-20 |
| സുന്ദരൻ, S/O കേളു | I/292 A | 25,000 | 7 | ചെക്ക് നമ്പര്/ തീയതി:2238019/12-2-20 |

പ്രൊജക്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി കാലപ്പഴക്കം കുറഞ്ഞ വീടുകൾക്ക് ആനുകൂല്യം നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (9/6-3-21) മറുപടി ലഭ്യമായിട്ടില്ല. ആകെ ചെലവഴിച്ച തുക,3,25,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

### 2-1 കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല. 6435 രൂപ നഷ്ടം.

2012 ലെ PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം, സെലക്ഷൻ മെമ്മോ കൈപ്പറ്റുന്ന തീയ്യതി മുതൽ 14 ദിവസം വരെ പിഴ കൂടാതെയും (മെമ്മോ തപാൽ മുഖേന അയക്കുന്ന അവസരത്തിൽ അത് പോസ്റ്റ് ചെയ്ത തീയ്യതി കൈപ്പറ്റ് തീയ്യതിയായി കണക്കാക്കും), തുടർന്ന് 10 ദിവസം വരെ PAC യുടെ 1% പിഴ ഈടാക്കിയും മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരെ അനുവദിക്കാവുന്നതാണ്. ഈ കാലപരിധിക്കുള്ളിൽ കരാർഒപ്പുവെച്ചില്ലെങ്കിൽ അത്തരം കരാറുകാരുടെ EMD മുതൽ കൂട്ടേണ്ടതും, പ്രൊജക്ട് നിർവ്വഹണത്തിന് മറ്റ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ കരാർ ഒപ്പുവെച്ചപ്പോൾ ഈ നിബന്ധന പാലിച്ചിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

| | പ്രൊജക്ട് വിശദാംശങ്ങൾ | ചുമത്തേണ്ട പിഴ PAC യുടെ 1% | ഈടാക്കിയ പിഴ | കുറവ് | അഭിപ്രായം |
|---|---|---|---|---|---|
| 1 | പ്രൊജക്ട് -188/20 (166/19) GMLPS മൊറയൂർ മൂത്രപ്പുര നിർമ്മാണം അടങ്കൽ - 200000 പ്ലാൻ(ജന) ചെലവ് - 183018 (ബിൽ നമ്പർ 29/15.01.2020) | 198923x1/100= 1989 | 0 | 1989 | PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം കരാർ ചമക്കാവുന്ന കാലാവധിക്ക് ശേഷം കരാർ ചമക്കുന്നത് ക്രമപ്രകാരമല്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കരാർ നം- 99/ തീയ്യതി.20.04.19<br>(ER)<br>കരാറുകാരൻ - ഷബീർ.എം<br>എംബുക്ക്നം -226/19, 227/19<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി - 03.12.18<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 17.12.18<br>1%പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 27.12.18<br>കരാർ ചമച്ച തീയ്യതി - 20.04.19 | | | | | |
| | 2 | പ്രൊജക്ട് -185/20 (154/19)<br>GLPS വാലഞ്ചേരി<br>മൂത്രപ്പുര നിർമ്മാണം<br>അടങ്കൽ - 148040<br>പ്ലാൻ(ജന)<br>47000(CFC)<br>ചെലവ് - 135842 (ബിൽ നമ്പർ<br>30/20.01.2020)<br>47000 (ബിൽ നമ്പർ<br>31/20.01.2020)<br>കരാർ നം- 98/ തീയ്യതി.20.04.19<br>(ER)<br>കരാറുകാരൻ - ഷബീർ.എം<br>എംബുക്ക്നം -228/19, 229/19<br>സെലക്ഷൻ നോട്ടീസ് | 194988x1/100= 1949 | 0 | 1949 | PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം കരാർ ചമക്കാവുന്ന കാലാവധിക്ക് ശേഷം കരാർ ചമക്കുന്നത് ക്രമപ്രകാരമല്ല. | |

| | | | | | |
|---|---|---|---|---|---|
| | കൈപ്പറ്റിയ തീയ്യതി - 03.12.18<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 17.12.18<br>1%പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 27.12.18<br>കരാർ ചമച്ച തീയ്യതി - 20.04.19 | | | | |
| 3 | പ്രൊജക്ട് -158/20 (43/19)<br>കീഴ്പറി പൂന്തലപ്പറമ്പ റോഡ്<br>അടങ്കൽ - 250000 (CFC)<br>ചെലവ് - 249729 (ബിൽ നമ്പർ 11/19.06.2019)<br>കരാർ നം- 71/ തീയ്യതി.31.01.19 (ER)<br>കരാറുകാരൻ- അബ്ദുൾ അസീസ്.പി എംബുക്ക്നം -207/18<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി - 03.12.18<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 17.12.18<br>1%പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 27.12.18<br>കരാർ ചമച്ച തീയ്യതി - 31.01.19 | 249729x1/100= 2497 | 0 | 2497 | PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം കരാർ ചമക്കാവുന്ന കാലാവധിക്ക് ശേഷം കരാർ ചമക്കുന്നത് ക്രമപ്രകാരമല്ല. |
| ആകെ | | | | 6435. | |

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം.3/4.3.21 മുഖേനെ നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന് 6.3.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ജോലിത്തിരക്ക് കാരണം ഇക്കാര്യം ശ്രദ്ധയിൽനിന്നും വിട്ടുപോയതാണെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണ് അപാകത സംഭവിച്ചിട്ടുള്ളത് എന്ന് ഈ മറുപടിയിൽ നിന്നും വ്യക്തമാണ്. ആയതിനാൽ മേൽ പട്ടികയിൽ പറഞ്ഞ പ്രകാരം പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന ആകെ തുക 6435.00 രൂപ പിഴ ഈടാക്കാതെ കരാർ ചമച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്ട് നമ്പർ:197/20 | 300000 | 0 |
| | 2019-20 | 5120 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് , പ്രൊജക്ട് നമ്പർ:197/20 | 5120 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 12640 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് , പ്രൊജക്ട് നമ്പർ:197/20 | 12640 | 0 |
| | 2019-20 | 240000 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് , പ്രൊജക്ട് നമ്പർ:(എസ്.സി)198/20 | 240000 | 0 |
| | 2019-20 | 150000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്ട് നമ്പർ:11/20 | 150000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ചെക്ക് നമ്പർ 50,30/08/2019 | 150000 | 150000 | പൂർത്തീകരിച്ച | 0 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ചെക്ക് നമ്പർ 4745575/7-9-2019 | 250000 | 250000 | പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി-KURDFC | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 2902240 | 1050122(18-19 ൽ ലഭ്യമായത്) | 886764 | 0 | 1975476 |

**കുറിപ്പ്:**

1975476(വർഷാവസാന ബാക്കി)=1050122(മുൻ ബാക്കി)+1812118(2019-20 ൽ ലഭിച്ചത്)-886764(തിരിച്ചടവ്).
ലോൺ തിരിച്ചടവ് പ്ലാൻ അലോട്ട്മെന്റിൽ നിന്നും നേരിട്ടായതിനാൽ ടി വിവരം സോഫ്റ്റ്വെയറിൽ കാണിക്കാത്തതിനാൽ തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുക എ.എഫ്.എസിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനാൽ ആയത് പൊരുത്തപ്പെടുന്നുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1102705 |
| തൻ വർഷം നിക്ഷേപിച്ച തുക | 17520 |
| ആകെ | 1120225 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1120225 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, മൊറയൂർ | 1120225 | 773123 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1(1) | 5076 | ശ്രീമതി. ദേവിക സി.പി,അസി. എഞ്ചിനിയർ | 119080100024/4-4-2019 |
| 2017-18 | 3-1(2) | 6030 | ശ്രീമതി. ദേവിക സി.പി,അസി. എഞ്ചിനിയർ | 119080100725/1-6-19 |
| 2017-18 | 3-16 | 216273 | രമണി ഐ.സി.ഡി.എസ്.ഓഫീസർ | 119080100699,700/30-5-19 |
| 1985-86 | 16 | 94 | അപ്പുണ്ണി കൺവീനർ | 119080102429/27-9-19 |
| 1986-87&1987-88 | 2122 | 1039 | ബി.പിശ്രീധരൻ എക്സിക്യൂട്ടീവ് ഓഫീസർ | 119080102430/27-9-19 |
| 1986-87&1987-88 | 23 | 650 | സുധാകരൻ എക്സിക്യൂട്ടീവ് ഓഫീസർ | 119080102431/27-9-19 |

| | | | | |
|---|---|---|---|---|
| 1986-87&1987-88 | 24 | 174 | സി.രവീന്ദ്രൻ<br>എക്സിക്യൂട്ടീവ് ഓഫീസർ | 119080102432/27-9-19 |
| 1986-87&1987-88 | 25 | 189 | സി.രവീന്ദ്രൻ<br>എക്സിക്യൂട്ടീവ് ഓഫീസർ | 119080102433/27-9-19 |
| 1988-89&89-90 | 8(1)4 | 83 | സി.രവീന്ദ്രൻ<br>എക്സിക്യൂട്ടീവ് ഓഫീസർ | 1180102434/27-9-19 |
| 1988-89&89-90 | 9(1) | 100 | കെ.എ.ജോസഫ്<br>എക്സിക്യൂട്ടീവ് ഓഫീസർ | 118102435/27-9-19 |
| 1988-89&89-90 | 9(2) | 150 | കെ.എ.ജോസഫ്<br>എക്സിക്യൂട്ടീവ് ഓഫീസർ | 1180102435/27-9-19 |
| 1988-89&89-90 | 10 | 332 | കെ.എ.ജോസഫ്<br>എക്സിക്യൂട്ടീവ് ഓഫീസർ | 1180102436/27-9-19 |
| 1988-89&89-90 | 19 | 400 | കെ.എ.ജോസഫ്<br>എക്സിക്യൂട്ടീവ് ഓഫീസർ | 1180102438/27-9-19 |
| 1988-89&89-90 | 20 | 377 | കെ.എ.ജോസഫ്<br>എക്സിക്യൂട്ടീവ് ഓഫീസർ | 1180102437/27-9-19 |
| 1988-89&89-90 | 22 | 99 | കെ.എ.ജോസഫ്<br>എക്സിക്യൂട്ടീവ് ഓഫീസർ | 1180102437/27-9-20 |
| 1990-91 | 9(1) | 125 | ഉസ്മാൻ ഹാജി | 119080103023/30-10-19 |
| 1990-91 | 9(8,2) | 135 | മമ്മദ് ഹാജി | 119080103024/30-10-19 |
| 1990-91 | 9(10) | 100 | വലിയകട്ടിരായീൻ | 119080103025/30-10-19 |
| 1991-92 | 7ഡി1 | 111 | അലവി | 119080103027/30-10-19 |
| 1991-92 | 7ഡി2 | 111 | മുഹമ്മദ് ഹാജി | 119080103028/30-10-19 |
| 1991-92 | 7ഇ(7) | 25 | അനിത | 119080103029/30-10-19 |
| 1991-92 | 7ഇ(8) | 15 | പി .മമ്മദ് | 119080103030/30-10-19 |
| 1991-92 | 7ഇ(9) | 15 | കെ.കെ സണ്ണി | 119080103031/30-10-19 |
| 1991-92 | 7ഇ(10) | 25 | സി.ജെ ടോമി | 119080103032/30-10-19 |
| 1991-92 | 9(3) | 110 | അബ്ബാസ് ഹാജി | 119080103033/30-10-19 |
| 1991-92 | 9(4) | 66 | ബഷീർ | 119080103034/30-10-19 |
| 1991-92 | 9(6) | 66 | അഹമ്മദ് കുട്ടി | 119080103035/30-10-19 |
| 1991-92 | 9(7) | 66 | മമ്മദ് ഹാജി | 119080103036/30-10-19 |
| 1991-92 | 10(1) | 4 | റംലത്ത് ഷാജി | 119080103039/30-10-19 |
| 1991-92 | 10(2) | 4 | മമ്മദ് ഹാജി | 119080103040/30-10-19 |
| 1991-92 | 10(3) | 4 | കുട്ടിരായീൻ | 119080103041/30-10-19 |
| 1991-92 | 10(4) | 4 | എൻ.വേലു | 119080103042/30-10-19 |
| 1991-92 | 10(5) | 6 | എൻ.വേലു | 119080103042/30-10-19 |
| 1994-95&95-96 | 7(1) | 85 | സുലൈമാൻ | 119080103059/19-11-19 |
| 1994-95&95-96 | 7(2) | 10 | അഷ്റഫ് | 119080104060/19-11-19 |
| 1994-95&95-96 | 7(3) | 125 | കദീജ | 119080104061/19-11-19 |

| | | | | |
|---|---|---|---|---|
| 1994-95&95-96 | 8 | 85 | കദീജ | 119080104062/19-11-19 |
| 1994-95&95-96 | 10(1) | 265 | കദീജ | 119080104063/19-11-19 |
| 1994-95&95-96 | 13 | 70 | കദീജ | 119080104064/19-11-19 |
| 1997-98 | 40 | 85 | കദീജ | 19080104065/19-11-19 |
| 1997-98 | 41(2)(1) | 60 | കദീജ | 19080104066/19-11-19 |
| 1997-98 | 41(3)(2) | 300 | കദീജ | 19080104067/19-11-19 |
| 2018-19 | 7 | 5335 | റിസ്വാന പുലിക്കുത്ത്,അസി. എഞ്ചിനിയർ. | 119080106000/14-01-20 |
| 2018-19 | 17 | 27782 | റിസ്വാന പുലിക്കുത്ത്,അസി. എഞ്ചിനിയർ. | 119080106119/17-1-20 |
| 2018-19 | 13 | 1080 | ആസ്യ വാക്കയിൽ | 119080106346/25-1-20 |
| 2018-19 | 5 | 1440 | കെ.സി.ഫുഡ് പ്രൊഡക്ട് | 119080106234/21-1-20 |
| 2018-19 | 5 | 1080 | സിറാജ്ജുദ്ദീൻ | 119080106279/22-1-20 |
| 2018-19 | 6(7) | 200 | സിറാജ്ജുദ്ദീൻ | 119080106280/22-1-20 |
| 2018-19 | 6(6) | 200 | സിറാജ്ജുദ്ദീൻ | 119080106281/22-1-20 |
| 2018-19 | 2(4) | 1080 | ഭാരത് ബ്രഡ് | 119080106334/24-1-20 |
| 2018-19 | 6(3) | 200 | മുഹമ്മദ് അഷ്റഫ് | 119080106385/25-1-20 |
| 2018-19 | 6(3) | 200 | ഷിഫ | 119080106507/30-1-20 |
| 2018-19 | 5 | 2160 | നിയോവിറ്റ | 119080106549/1-2-20 |
| 2017-18 | 2-3 | 75296 | അബ്ദുസ്സലാം | 119080107437/25-2-20 |
| 2018-19 | 2-9 | 1080 | സി.കെ ഗോൾഡ് | 119080108631/11-3-20 |

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | | | നടപടി തുടർന്ന് വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 49-1 | ശ്രീമതി. ലളിത എ സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF2732/ Sp.Cell/ Sc5/04 Dt 30.10.04 | 13339/- | -- | -- | -- | -- | -- | 13339/- |
| 2 | 1998-99 | 43 | ശ്രീ. ഐസൻ ജോസ്, സെക്രട്ടറി,തദ്ദേശ | LF 23209/ Spl.Cell/ | 2963/- | -- | -- | -- | -- | -- | 2963/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | സ്വയംഭരണ വകുപ്പ്. | Sc5/04 Dt 12.12.05 | | | | | | | |
| 3 | 1998-99 | 29(B) | ശ്രീ. സി ശിവദാസൻ, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ Spl.Cell/ Sc5/04 Dt 12.12.05 | 2500/- | -- | -- | -- | -- | -- | 2500/- |
| 4 | 1999-00 | 3-12,3-13, 3-14,3-15, 3-16,3-17, 3-23, 3-23(B), 3-24, 3-26(1), 3-26(2), 3-26(3), 3-27,3-28, 3-29, 3-30,3-31, 3-32, 3-33, 3-34,3-35, 3-38, 3-52(1), 3-52(2). | ശ്രീ. ഐസൻ ജോസ്, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.Cell/ SC5/07 24.03.09/ 28.04.09 | 100367/- | -- | -- | 100367/- (OP74/ 09 Allow Ed 30-11-17) | -- | -- | 100367/- |
| 5 | 1999-00 | 3(8), 3(9) 3(10) 3(11), 3(20) | ശ്രീ. സി ശിവദാസൻ, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.Cell/ SC5/07 24.03.09/ 28.04.09 | 6740/- | -- | -- | -- | -- | -- | 6740/- |
| 6 | 2001-02 | 3-5 | ശ്രീമതി. കെ.പി രതി, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18849/ Spl.Cell/ SC5/06 7.5.09/ 11.5.09 | 7875/- | -- | -- | -- | -- | -- | 7875/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 87497608 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51787358 |
| വരവിനങ്ങളിലുള്ള നഷ്ടം | 6435 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1471800 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6435 | | റിസ് വാന പുലിക്കുത്ത് അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 405000 | ശ്രീ ഷെബിൻ.ടി.പി, കൃഷി ഓഫീസർ |
| 1-13 | 631800 | റിസ് വാന പുലിക്കുത്ത് അസി.എഞ്ചിനീയർ |
| 1-14 | 50000 | റിസ് വാന പുലിക്കുത്ത് അസി.എഞ്ചിനീയർ |
| 1-15 | 60000 | സയ്യിദ് നസീറുള്ള, മെഡിക്കൽ ഓഫീസർ(അലോപ്പതി) |
| | | |

| | | |
|---|---|---|
| 1-17 | 325000 | പ്രജീഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 1471800 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റിസ് വാന പുലിക്കത്ത് അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,എൽ.എസ്.ജി.ഡി മൊറയൂർ | പുലിക്കത്ത് വീട് പുല്ലാര പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-1986 | എൽ എഫ് എം 11/897/2013 തിയ്യതി 11.03.14 | 1 |
| 1986-1987<br>1987-1988 | എൽ എഫ് എം7/937/97 തിയ്യതി 23.10.10 | 5 |
| 1988-1989<br>1989-1990 | എൽ എഫ് എം7/938/97 തിയ്യതി 23.10.10 | 13 |
| 1990-1991 | എൽ എഫ് എം10/229/95 തിയ്യതി 23.10.10 | 10 |
| 1991-1992 | എൽ എഫ് എം10/606/93 തിയ്യതി 23.10.10 | 12 |
| 1994-1995<br>1995-1996 | എൽ എഫ് എം14/561/13 | 10 |
| 1997-1998 | എൽ എഫ് എം14/1600/03 തിയ്യതി 23.10.10 | 14 |
| 1998-1999 | എൽ എഫ് എം17/514/03 തിയ്യതി 23.10.10 | 19 |
| 1999-2000 | എൽ എഫ് എം17/1279/03 തിയ്യതി 23.10.10 | 22 |
| 2000-2001 | എൽ എഫ് എം17/417/05 തിയ്യതി 23.10.10 | 29 |
| 2001-2002 | എൽ എഫ് എം17/199/05 | 7 |
| 2002-2003 | എൽ എഫ് എം8/2451/07 തിയ്യതി 23.10.10 | 4 |
| 2003-2004 | എൽ എഫ് എം8/2452/07 തിയ്യതി23.10.10 | 4 |
| 2004-2005 | എൽ എഫ് എം10/2153/08 തിയ്യതി 06.7.09 | 5 |
| 2005-2006 | എൽ എഫ് എം10/565/10 തിയ്യതി 03.6.10/5.1/11 | 4 |
| 2006-2007 | എൽ എഫ് എം10/566/10 തിയ്യതി 03.6.10/5.1/11 | 8 |
| 2007-2008 | എൽ എഫ് എം14/1450/10 തിയ്യതി 11.11.10/26.4.11 | 22 |
| 2008-09,09-10, 10-11 | എൽ എഫ് എം11/2461/13 തിയ്യതി 07.04.14 | 21 |
| 2011-12,12-13 | എൽ എഫ് എം11/225/15 തിയ്യതി 26.08.17 | 5 |
| 2013-14,14-15 | കെ എസ് എ എം പി എം 22/1760/20തിയ്യതി 7-12-20 | 21 |
| 2015-2016 | കെ.എസ്.എ.എം.പി.എം22/1759/2020തീയതി.7/12/20 | 1 |
| 2016-2017 | കെ.എസ്.എ.എം.പി.എം.22/1827/2017 തീയതി: 23-8-17 | 21 |
| 2017-2018 | കെ.എസ്.എ.എം.പി.എം.22/1281/2020 തീയതി: 2-11-20 | 4 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.എം.പി.എം.22/213/2020 തീയതി: 4-3-2020 | 17 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്